DESPATCHED
On 28/09/2022

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001.
Tel: 0471 - 2561613, 2561622 Fax: 0471 2330920 Email: sic.ker@nic.in

ഹർജി നമ്പർ എ.പി. 2733(3)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 16188/എസ്.ഐ.സി.ജി1/2015)

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീമതി രമണി,
W/o. ശ്രീ. ഗോവിന്ദൻകുട്ടി,
ചിരികണ്ടത്ത് വീട്,
ശ്രീകൃഷ്ണപുരം പി. ഒ.,
പാലക്കാട് – 679 513. } അപ്പീൽ ഹർജിക്കാരി

Vs

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ.),
താലൂക്ക് ഓഫീസ്,
ഒറ്റപ്പാലം, പാലക്കാട്.

2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്കരണം),
കളക്ടറേറ്റ്, പാലക്കാട്. } എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 29.06.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 29.07.2015 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 05.08.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09.10.2015 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 12.10.2015 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 15.10.2015 |

കോവിഡ് 19 – ന്റെ പശ്ചാത്തലത്തിൽ ഹിയറിംഗ് ഒഴിവാക്കി, അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും, അപ്പീൽ അധികാരി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് ഈ അപ്പീൽ ഹർജി താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2) ഒറ്റപ്പാലം ലാൻഡ് ട്രൈബ്യൂണലിലെ ഒ.എ. 731/77 നമ്പർ പട്ടയം, വിധി എന്നിവയുടെ പകർപ്പ് ലഭിക്കുന്നതിനായി ഒറ്റപ്പാലം സ്പെഷ്യൽ തഹസിൽദാർ (എൽ. ആർ.) ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ.) സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് പ്രസ്തുത രേഖയ്ക്കു വേണ്ടി തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്തുവാൻ കഴിഞ്ഞില്ല എന്ന മറുപടി ലഭിച്ചതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചെങ്കിലും അതിനും സമയബന്ധിതമായി തീരുമാനമുണ്ടാകാത്ത തിനാലാണ് ശ്രീമതി രമണി കമ്മീഷൻ മുമ്പാകെ ഈ അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളത്.

3) എസ്.പി.ഐ.ഒ. യും ഒന്നാം അപ്പീൽ അധികാരിയും യഥാക്രമം ഹർജിക്കാ രിയുടെ വിവരാവകാശ അപേക്ഷയെയും ഒന്നാം അപ്പീലിനെയും കൈകാര്യം ചെയ്തത് വിവരാവകാശ നിയമത്തിന്റെ ഉദ്ദേശ്യത്തേയും ശക്തിയേയും ഒട്ടും മനസ്സിലാക്കാ തെയോ, നിസ്സാരമായിക്കണ്ട് അവഗണനാ മനോഭാവത്തോടെയോ ആണെന്നാണ് രേഖക ളിൽ നിന്നും ബോധ്യമാകുന്നത്. എസ്.പി.ഐ.ഒ. യുടെ മറുപടി തന്നെ, സ്ഥിരമായി ഉപ യോഗിക്കുവാനായി തയ്യാറാക്കി വച്ചിരുന്ന ഫോർമാറ്റിന്റെ പകർപ്പിൽ, അപേക്ഷകയുടെ വിലാസവും അപേക്ഷാ തീയതിയും ആവശ്യപ്പെട്ട വിവരം അടങ്ങിയ ഫയലിന്റെ നമ്പരും എഴുതി ചേർത്ത് നൽകുകയാണ് ചെയ്തിരിക്കുന്നത്. എസ്.പി.ഐ.ഒ. യുടെ സ്ഥാനത്തി രിക്കുന്ന ഉദ്യോഗസ്ഥനായ ഒറ്റപ്പാലം ഭൂപരിഷ്കരണ തഹസിൽദാർ അദ്ദേഹത്തിന്റെ മനസ്സ് അതിൽ അർപ്പിച്ചിട്ടേയില്ല എന്നു കാണാം. ടൈപ്പ് ചെയ്ത് വച്ചിരുന്ന ഫോർമാ റ്റിൽ മുകളിൽ പറഞ്ഞ വിവരങ്ങൾ മാത്രം കൈകൊണ്ട് എഴുതി ചേർത്ത് കീഴുദ്യോഗ സ്ഥർ ഇനിഷ്യൽ ചെയ്ത് ഒപ്പിടാൻ വച്ചിരുന്ന കടലാസിൽ (അതിന് കടലാസിന്റെ വിലയേ കാണുന്നുള്ളൂ) യാന്ത്രികമായി ഒപ്പിട്ടു നൽകുകയായിരുന്നു. ടി ഓഫീസിൽ വിവരാവകാശ അപേക്ഷ സമർപ്പിക്കുന്ന പൊതു ജനങ്ങൾക്ക് ഒരു പക്ഷേ ഇതേ ഫോർമാ റ്റിൽ ആയിരിക്കണം മറുപടി ലഭിക്കുന്നത്. അങ്ങനെ നൽകുന്നതിനെ വിവരാവകാശ നിയമപ്രകാരമുള്ള എസ്.പി.ഐ.ഒ. യുടെ മറുപടിയായി കമ്മീഷൻ അംഗീകരിക്കുന്നില്ല.

4) ഒന്നാം അപ്പീൽ തീർപ്പാക്കിയിരിക്കുന്നത് കൂടുതൽ വിചിത്രമായ രീതിയി ലാണ്. 08.08.2015 – ന് ഹർജിക്കാരി സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ വിചാരണ നടത്തു വാനായി 21.08.2015 – ന് രാവിലെ 10.30 – ന് ഒന്നാം അപ്പീൽ അധികാരിയായ പാലക്കാട് കളക്ടറേറ്റിലെ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) മുമ്പാകെ ഹാജരാകുവാൻ ഹർജി ക്കാരിക്ക് നോട്ടീസ് നൽകുന്നു. എന്നാൽ പ്രസ്തുത ദിവസം കക്ഷി വിചാരണയ്ക്ക് ഹാജരായില്ല എന്ന കാരണം ചൂണ്ടിക്കാട്ടി അപ്പീൽ തള്ളിക്കൊണ്ട് 09.10.2015 – ന് ഉത്തര വാകുന്നു. വിവരാവകാശ നിയമത്തിലെ ഒരു വകുപ്പിലും പറഞ്ഞിട്ടില്ലാത്തതും ടി നിയമം സംബന്ധിച്ച് കേട്ടുകേൾവി പോലുമില്ലാത്തതുമായ നടപടിയാണത്. വിവരാവ കാശ നിയമത്തിലെ ഏത് വകുപ്പിലാണ് വിചാരണയ്ക്ക് ഹാജരാകുന്നതിന് അപേക്ഷ കനെ നിർബന്ധിക്കുവാൻ ഒന്നാം അപ്പീൽ അധികാരിക്കോ, കേന്ദ്ര / സംസ്ഥാന വിവരാ

വകാശ കമ്മീഷനുകൾക്കോ അധികാരമുള്ളത്? ഹിയറിംഗിനായാലും വിചാരണക്കായാലും ഹാജരാകണോ വേണ്ടയോ എന്നുള്ളത് ഹർജിക്കാരനായ അപേക്ഷകന്റെ സ്വാതന്ത്ര്യമാണ് അതിൽ കൈകടത്തുവാൻ ഒന്നാം അപ്പീൽ അധികാരിക്കോ കമ്മീഷണർക്കോ യാതൊരു അധികാരവുമില്ല. ഈ കേസ്സിലാണെങ്കിൽ ഹർജിക്കാരി 21.08.2015 –ന് കളക്ടറേറ്റിൽ ഹാജരായെങ്കിലും അപ്പീൽ അധികാരി സ്ഥലത്തില്ല എന്ന കാരണത്താൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശ പ്രകാരം അതിനടുത്ത രണ്ട് തിങ്കളാഴ്ചകളിലും ഹർജിക്കാരി ഹാജരായെങ്കിലും ആ ദിവസങ്ങളിലൊന്നും അപ്പീൽ അധികാരി ഓഫീസിലില്ല എന്ന അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് തിരികെ പോകുകയായിരുന്നു എന്നാണ് ടിയാൾ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചിരിക്കുന്നത്. അതു ശരിയാണെങ്കിൽ കൂലിവേലക്കാരിയായ ആ സാധു സ്ത്രീയുടെ 3 ദിവസത്തെ ജോലിയും കൂലിയുമാണ് ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ സമീപനം കാരണം നഷ്ടമായത്. അതിനു തക്കതായ പ്രതിഫലം ലഭ്യമാക്കുന്ന കാര്യം കമ്മീഷൻ പിന്നീട് പരിഗണിക്കുന്നതാണ്.

5) ഹർജിക്കാരി ആവശ്യപ്പെട്ട രേഖ 38 വർഷം പഴക്കമുള്ളതാണെന്നും, റെക്കോർഡിൽ സൂക്ഷിച്ചിട്ടുള്ള 7 ലക്ഷത്തിലധികം ഫയലുകളിൽ അന്വേഷണം നടത്തിയതിൽ നിന്നും ഹർജിക്കാരി ആവശ്യപ്പെട്ട പട്ടയ ഫയൽ കണ്ടെത്തുവാൻ കഴിഞ്ഞില്ല എന്നുമുള്ള എസ്.പി.ഐ.ഒ. യുടെ വിശദീകരണം അതേപടി അംഗീകരിക്കുവാൻ ഒന്നാം അപ്പീൽ അധികാരി ബാധ്യസ്ഥനായിരുന്നില്ല. ഒരു ഫയൽ നിയമപ്രകാരം ആവശ്യപ്പെടുമ്പോൾ കണ്ടെത്തുവാൻ കഴിയുകയില്ലെങ്കിൽ പിന്നെന്തിനാണ് മുകളിൽ പറഞ്ഞ 7 ലക്ഷം ഫയലുകൾ സൂക്ഷിക്കുന്നത്. അതിലും കൂടുതൽ പുസ്തകങ്ങളുള്ള പബ്ലിക് ലൈബ്രറികൾ കേരളത്തിലുണ്ട്. അവിടെ വായനക്കാരൻ ആവശ്യപ്പെടുന്ന ഒരു പുസ്തകം കണ്ടെത്തുവാൻ മിനിട്ടുകൾ മതിയാകും. ഒറ്റപ്പാലം സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ കണ്ടെടുക്കുവാൻ കഴിയാത്ത രീതിയിൽ ഫയലുകൾ കൂട്ടിയിട്ടിരിക്കുകയോ കെട്ടിക്കിടക്കുകയോ ചെയ്തിരിക്കുന്നത് ഹർജിക്കാരന്റെയോ പൊതു ജനത്തിന്റെയോ കുറ്റം കൊണ്ടല്ല. ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥയും ആത്മാർത്ഥതയില്ലായ്മയും കഴിവില്ലായ്മയും കൊണ്ടാണ് അപ്രകാരം സംഭവിക്കുന്നത്. അതിനു ശിക്ഷ ലഭിക്കേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കാണ്.

6) വിവരാവകാശ നിയമത്തിലെ 7(2) വകുപ്പ് പ്രകാരം ഹർജിക്കാരിക്ക് ബോധപൂർവ്വം വിവരം നിഷേധിക്കപ്പെട്ടു എന്ന് വ്യക്തമായിരിക്കുന്നു. അപ്രകാരം വിവരം നിഷേധിച്ചതിന് ടി നിയമത്തിലെ 20(1) വകുപ്പ് പ്രകരം ശിക്ഷാ നടപടി സ്വീകരിക്കേണ്ടതാണ്. കോവിഡ് 19 ന്റെയും ഇപ്പോഴത്തെ പ്രകൃതി ദുരന്തത്തിന്റെയും പശ്ചാത്തലത്തിൽ നേരിട്ട് ഹിയറിംഗ് നടത്തുന്നത് ഉചിതമായിരിക്കില്ല എന്ന കാരണത്താൽ ശിക്ഷാ നടപടി തുടങ്ങുന്നത് തൽക്കാലം നീട്ടിവയ്ക്കുന്നു. എന്നാൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരം


RIGHT TO INFORMATION

എത്രയും പെട്ടെന്ന് ലഭ്യമാക്കുകയും വേണം. അതിനായി താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

(i) ഹർജിക്കാരി ആവശ്യപ്പെട്ട വിവരം ഈ ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 30 ദിവസത്തിനകം ഇപ്പോഴത്തെ എസ്.പി.ഐ.ഒ. ടിയാൾക്ക് സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

(ii) 29.06.2015 – നും 09.10.2015 – നും ഇടയിൽ ഒറ്റപ്പാലം സ്പെഷ്യൽ തഹസിൽദാറായിരുന്ന ഉദ്യോഗസ്ഥൻ ഇതു സംബന്ധിച്ച് 30 ദിവസത്തിനകം കമ്മീഷനിൽ വിശദീകരണം നൽകേണ്ടതാണ്. അതിനായി ഈ ഉത്തരവിന്റെ പകർപ്പ് ടിയാൻ സ്ഥലം മാറിപ്പോവുകയോ പെൻഷൻ പറ്റി പിരിയുകയോ ചെയ്തിട്ടുണ്ടെങ്കിൽ ടിയാന്റെ ഇപ്പോഴത്തെ മേൽവിലാസത്തിൽ എത്തിച്ചുകൊടുക്കുവാൻ ഇപ്പോഴത്തെ എസ്.പി.ഐ.ഒ. യെ കമ്മീഷൻ ചുമതലപ്പെടുത്തുന്നു.

(iii) പാലക്കാട് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) ന്റെ 21.05.2015 – ലേയും അതിനടുത്ത രണ്ട് തീയതികളിലെയും ടൂർ പ്രോഗ്രാം / ടൂർ ഡയറി, ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിന്റെ പകർപ്പ് എന്നിവ ഈ ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 30 ദിവസത്തിനകം ഇപ്പോഴത്തെ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) തപാൽ മുഖേന കമ്മീഷനിൽ ഹാജരാക്കേണ്ടതാണ്.

7) മുകളിൽ പറഞ്ഞ രേഖകളുടെ പരിശോധനയ്ക്ക് ശേഷം ആവശ്യമെന്ന് കാണുന്ന പക്ഷം ഹിയറിംഗ് നടത്തി ശിക്ഷാ നടപടി സ്വീകരിക്കണമോ എന്ന കാര്യം കമ്മീഷൻ തീരുമാനിക്കുന്നതായിരിക്കും. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജൂലൈ മാസം 15–ാം തീയതി തീർപ്പാക്കുന്നു.

**(ഒപ്പ്)**
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

srv